ഗ്രാമസഭകൾക്കുള്ള അധികാരങ്ങളും അവകാശങ്ങളും

90 (3044) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്ത് പ്രവർത്തനം സംബന്ധിച്ച ഒരു സോഷ്യൽ ആഡിറ്റിനുള്ള ഉപാധിയെന്ന നിലയിൽ ഗ്രാമസഭകൾ ഇന്ന് എന്തെല്ലാം അധികാരങ്ങളും അവകാശങ്ങളുമാണ് നിർവഹിക്കുന്നത് ;

(ബി) ഗ്രാമസഭയ്ക്ക് കൂടുതൽ അധികാരങ്ങൾ നൽകുവാൻ ഉദ്ദേശമുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഓരോ ഗ്രാമസഭയിലും, കഴിഞ്ഞകാലത്ത് ഗ്രാമപഞ്ചായത്തുകൾ നടത്തിയ പ്രവർത്തനങ്ങളുടെ ഒരു സമഗ്ര റിപ്പോർട്ടും വരവ് ചെലവ് കണക്കും അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുണ്ട്. ഇവ പരിശോധിക്കാനും അപാകതകൾ ഉണ്ടെങ്കിൽ കണ്ടെത്തി റിപ്പോർട്ട് നിരസിക്കാനും പുതിയ നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അവ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഗ്രാമസഭയ്ക്ക് അധികാരമുണ്ട്. ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾക്ക് അർഹമായ പരിഗണന നൽകേണ്ടതാണ്. ഗുണഭോക്തൃ ലിസ്റ്റ് പരിശോധിക്കുക, വർക്കിന്റെ എസ്റ്റിമേറ്റ് ശേഖരിക്കുക, ഇത്തരം അധികാരങ്ങളും ഫലത്തിൽ ഒരു സോഷ്യൽ ആഡിറ്റിനുള്ള ഉപാധികളായി കാണാവുന്നതാണ്.

(ബി&സി) ഗ്രാമസഭ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശകൾ പരിശോധിച്ചുവരുന്നു.

സമഗ്ര വികസന പദ്ധതികൾ രൂപീകരിക്കാൻ ചെയ്യുന്ന സഹായങ്ങൾ

91 (3045) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ഒരു സമഗ്രവികസന കാഴ്ചപ്പാടുണ്ടാക്കുവാൻ സഹായകമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒറ്റയ്ക്കോ കൂട്ടായോ സമഗ്ര വികസന പദ്ധതികൾ രൂപീകരിക്കുവാൻ ഗവൺമെന്റ് വകുപ്പുകൾ എന്തെല്ലാം സഹായങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly